**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3665** **09-10-2025 - ൽ മറുപടിയ്ക്ക്**

**പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി നിരീക്ഷിക്കുന്നതിനു സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി നിരീക്ഷിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്ത് എത്തുന്ന പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി നിരീക്ഷിക്കുന്നതിനായി സംസ്ഥാനത്തെ പൊതു വിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവവിപണി എന്നിവിടങ്ങളിലെ പച്ചക്കറികളിൽ നിന്നും സാമ്പിളുകൾ FSSAI-യിലെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുകയും അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ടങ്ങളുടെ പരിശോധന കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന 'സേഫ് ടു ഈറ്റ്' പദ്ധതി പ്രകാരം വെള്ളയാണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലബോറട്ടറിയിൽ നടത്തി വരുന്നു. പ്രസ്തുത കീടനാശിനി അവശിഷ്ട വിഷാംശ റിപ്പോർട്ട് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി www.kerala.gov.in , www.prral.kau.in എന്നീ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിൽ കാർഷിക കോളേജ് വെള്ളായണി, കാർഷിക കോളേജ് വെള്ളാനിക്കര, കാർഷിക കോളേജ് പടന്നക്കാട്, ആർ.എ.ആർ.എസ് കുമരകം എന്നിവിടങ്ങളിലാണ് ലാബുകൾ പ്രവർത്തിച്ചു വരുന്നത്. |
| (ബി) | ഉത്തമ കാർഷിക പ്രയോഗങ്ങൾ പ്രചരിപ്പിക്കുന്നതിനും ഉറവിട ടെയിസിംഗ് പ്ലാറ്റ്ഫോമുകൾ സൃഷ്ടിക്കുന്നതിനും സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ബി) | ഉത്തമ കാർഷിക പ്രയോഗങ്ങൾ പ്രചരിപ്പിക്കുന്നതിനും ഉറവിട ട്രയിസിംഗ് പ്ലാറ്റ് ഫോമുകൾ സൃഷ്ടിക്കുന്നതിന്റേയും ഭാഗമായി ജൈവ കാർഷിക മിഷൻ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ജൈവ കൃഷിയും, ഉത്തമ കൃഷി മുറകളും പദ്ധതിയുടെ ഭാഗമായി ഉത്തമ കൃഷി മുറകൾ പാലിച്ച് കൃഷി ചെയ്യാൻ താൽപ്പര്യമുള്ള കർഷകരെ കർഷകക്കൂട്ടായ്മകൾ ക്ലസ്റ്ററുകളാക്കി പരിശീലന |

| | | | |
|---|---|---|---|
| | | | പരിപാടി/ ഉത്പാദനോപാധികളുടെ സംഭരണം/ സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ/ പോഷക പരിപാലന രീതികൾ, പച്ചില വളങ്ങളുടെ ഉപയോഗവും സ്വീകാര്യതയും മെച്ചപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ഇങ്ങനെ ഒരു ക്ലസ്റ്ററിന് 10,000/- രൂപ നിരക്കിൽ 1000 ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന് ധനഹായം ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി പ്രകാരം നൽകി വരുന്നു. |
| (സി) | പച്ചക്കറിയിൽ വിഷാംശം, മായം എന്നിവ തടയാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; വിശദമാക്കുമോ? | (സി) | കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിന് (Pesticide Residue Research and Analytical Laboratory) ഭക്ഷ്യ വസ്തുക്കളിലെ കീടനാശിനി അവശിഷ്ടങ്ങളുടെ പരിശോധനയ്ക്കായുള്ള അന്താരാഷ്ട്ര അംഗീകാരം ലഭിച്ചിട്ടുണ്ട് (ISO 17025:2017). പച്ചക്കറികൾ, പഴങ്ങൾ, ധാന്യങ്ങൾ , പരിപ്പ്, പാൽ, ഇറച്ചി, കറിവേപ്പില, മുളക്, സുഗന്ധ വ്യഞ്ജനങ്ങൾ, മത്സ്യം, ജലം തുടങ്ങിയ ഉൽപ്പന്നങ്ങളിൽ 105 കീടനാശിനികൾ വരെ പരിശോധിച്ച ഫലം നൽകാൻ ഈ ലാബിന് അംഗീകാരമുണ്ട്.<br><br>പച്ചക്കറികളിലുള്ള കീടനാശിനി അവശിഷ്ട പരിശോധനയ്ക്ക് സജ്ജമായ നാല് ലബോറട്ടറികൾ കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കാർഷിക കോളേജ് വെള്ളായണി, കാർഷിക കോളേജ് വെള്ളാനിക്കര, കാർഷിക കോളേജ് പടന്നക്കാട്, ആർ.എ.ആർ.എസ്. കുമരകം എന്നിവിടങ്ങളിലാണ് ലാബുകൾ പ്രവർത്തിച്ചു വരുന്നത്. പ്രസ്തുത ലാബുകളിൽ കീടനാശിനി അവശിഷ്ട പരിശോധനയ്ക്കായി ഗ്യാസ് ക്രോമാറ്റോഗ്രാഫ്, ഗ്യാസ് ക്രോമാറ്റോഗ്രാഫ് മാസ് സ്പെക്ട്രോമീറ്റർ, ലിക്വിഡ് ക്രൊമാറ്റോഗ്രഫി-ഹൈ റസല്യൂഷൻ മാസ് സ്പെകോമീറ്റർ തുടങ്ങിയവ ഉപയോഗിച്ച് ഒരു സാമ്പിളിൽ 105 കീടനാശിനികൾ വരെ പരിശോധിക്കാവുന്ന അത്യാധുനിക സംവിധാനങ്ങൾ നിലവിലുണ്ട്.<br><br>2024-25 സാമ്പത്തിക വർഷം കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളായണി കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ 4500 സാമ്പിളുകളും, വെള്ളാനിക്കര ലാബിൽ 980 സാമ്പിളുകളും, പടന്നക്കാട് ലാബിൽ 562 സാമ്പിളുകളുടേയും പരിശോധന നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഒരോ മാസത്തേയും റിപ്പോർട്ട് prral@kau.in എന്ന വെബ് സൈറ്റിൽ പിറ്റേ മാസം ഒന്നാം തീയതി തന്നെ പ്രസിദ്ധീകരിക്കുന്നു. മൂന്നു മാസത്തെ ക്രോഡീകരിച്ച റിപ്പോർട്ട് www.kerala.gov.in ൽ പ്രസിദ്ധീകരിച്ചു വരുന്നു. 67 റിപ്പോർട്ടുകൾ കേരള സർക്കാരിന്റെ ഒദ്യോഗിക വെബ് സൈറ്റിൽ ഇത് വരെ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ